**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 236** **28-02-2023 - ൽ മറുപടിയ്ക്ക്**

**വൻകിട ജലസേചന പദ്ധതികളുടെ പൂർത്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. ആന്റണി ജോൺ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൻകിട ജലസേചന പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാൻ കഴിയാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (എ) | **മൂവാറ്റുപുഴ ജലസേചന പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിൽ സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കേണ്ടതിൽ വന്ന കാലതാമസവും ഫണ്ടിന്റെ ലഭ്യതകുറവും കാരണം പദ്ധതിയ്ക്ക് കാലതാമസം നേരിട്ടു. 2000-ൽ എ.ഐ.ബി.പി പദ്ധതിയിൽപ്പെടുത്തി കേന്ദ്രസഹായം ലഭിച്ചു തുടങ്ങിയതിനു ശേഷം പദ്ധതിയുടെ പൂർത്തീകരണം സുഗമമായി. നിലവിൽ കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ 2, 3, 5, 6 എന്നീ റീച്ചുകൾ ഒഴികെ ബാക്കി എല്ലാ കനാലുകളിലും ജലവിതരണം സാദ്ധ്യമാണ്.**<br><br>**ഇടമലയാർ ജലസേചന പദ്ധതിയുടെ ലിങ്ക് കനാലും കാഞ്ഞൂർ തെക്കുംഭാഗം ബ്രാഞ്ച് കനാലുമാണ് പൂർത്തീകരിക്കുവാനായുള്ളത്. ഇതിൽ ലിങ്ക് കനാൽ പൂർത്തീകരിക്കുന്നതിനായുള്ള 127 കോടി രൂപയുടെ റിവൈസ്ഡ് ഡി.പി.ആർ സർക്കാർ പരിശോധിച്ചു വരുന്നു. ഐ.ഐ.പി യുടെ ഏക ബ്രാഞ്ച് കനാലായ കാഞ്ഞൂർ തെക്കുംഭാഗം ബ്രാഞ്ച് കനാലിന്റെ വിഭാവനം ചെയ്ത ആയക്കട്ടിൽ കുറവ് വന്നതിനാൽ ഈ സ്കീം ഫീസിബിൾ അല്ലായെന്ന് മനസ്സിലായതിനെതുടർന്ന് ആൾട്ടർനേറ്റ് പ്രൊപ്പോസലിന്റെ 3.855 കോടി രൂപയുടെ ഡി.പി.ആർ സർക്കാരിൽ ലഭ്യമായതും ആയത് പരിശോധിച്ചു വരികയുമാണ്.**<br><br>ഇടത്തരം പദ്ധതികളായ കാരാപ്പുഴ പദ്ധതിയും ബാണാസുരസാഗർ പദ്ധതിയും പൂർത്തീകരണം ലക്ഷ്യമിട്ട് പ്രവൃത്തികൾ നടന്നു വരുന്നു. |
| (ബി) | പദ്ധതികളുടെ പൂർത്തീകരണം ഇപ്രകാരം നീണ്ടുപോകുന്നതുകൊണ്ടും | (ബി) | ജിയോളജിക്കൽ സ്ട്രാറ്റകളിലെ മാറ്റം, ഡിസൈൻ മാറ്റം, പൊതുജനങ്ങളുടെ ആവശ്യങ്ങൾ എന്നിവ |

| | | | |
|---|---|---|---|
| | ഭൂവിനിയോഗരീതിയിലുണ്ടായ മാറ്റങ്ങൾ പരിഗണിച്ചുകൊണ്ടും ഇത്തരം പദ്ധതികൾ പുനഃക്രമീകരിക്കുവാനും സമയബന്ധിതമായി പൂർത്തീകരിക്കുവാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | | പരിഗണിച്ച് എസ്റ്റിമേറ്റ് പുതുക്കുകയും അഡീഷണൽ വർക്കുകൾ ചെയ്യേണ്ടതായും വന്നിട്ടുണ്ട്.<br><br>ഭൂവിനിയോഗത്തിലുണ്ടായ മാറ്റങ്ങൾ പരിഗണിച്ച് പദ്ധതികൾ ക്രമീകരിച്ച് സമയബന്ധിതമായി പൂർത്തിയാക്കാനുള്ള ഉദ്ദേശത്തോടുകൂടിയാണ് ഡി.പി.ആർ വിഭാവനം ചെയ്തിട്ടുള്ളത്. |
| (സി) | മൂവാറ്റുപുഴ വാലി, ഇടമലയാർ വാലി എന്നീ ജലസേചന പദ്ധതികളുടെ നിലവിലെ പുരോഗതി അറിയിക്കാമോ; പ്രസ്തുത പദ്ധതികൾ വഴി ലക്ഷ്യമിടുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (സി) | **മൂവാറ്റുപുഴ ജലസേചന പദ്ധതി**: മൂവാറ്റുപുഴ പദ്ധതിയുടെ മെയിൻ കനാലിന്റെയും, ബ്രാഞ്ച് കനാലിന്റെയും 100 ശതമാനം പണികളും ഡിസ്ട്രിബ്യൂട്ടറിയുടെ 96.3 ശതമാനം പണികളും പൂർത്തീകരിച്ചിട്ടുണ്ട്. മൂവാറ്റുപുഴ പദ്ധതി വഴി എറണാകുളം, ഇടുക്കി, കോട്ടയം ജില്ലകളിലായി 35745 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തുന്നതിനും അതുവഴി കൃഷിയുടെ വികസനത്തിനും സഹായകമാകുന്നു. കനാൽ ബണ്ട് റോഡുകൾ ജനങ്ങളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കുടിവെള്ളത്തിന്റെ ദൗർലഭ്യം ഇല്ലാതാക്കാനും കനാൽ ജലംകൊണ്ട് സാധിച്ചിട്ടുണ്ട്.<br><br>**ഇടമലയാർ ജലസേചന പദ്ധതി:** പുതിയ ഡി.പി.ആർ ന് അനുമതി ലഭിക്കുന്ന മുറയ്ക്ക് ഇടമലയാർ പ്രോജക്റ്റിന്റെ ലിങ്ക് കനാൽ പൂർത്തീകരിക്കുവാനും അതുവഴി രൂക്ഷമായ ജലദൗർലഭ്യം അനുഭവപ്പെടുന്ന ചാലക്കുടി റിവർ ഡൈവേർഷൻ സ്കീമിൽ ഇപ്പോഴുള്ള ആയക്കട്ട് സ്റ്റെബിലൈസ് ചെയ്യുവാനും 2565 ഹെക്ടർ ആയക്കട്ട് കൈവരിക്കുവാനും സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ